# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 699** **13/06/2012 ൽ മറുപടിക്ക്**

**മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന മരുന്നുകളുടെ വിശദാംശം**

**ചോദ്യം** **മറുപടി**

**ശ്രീ. കെ.വി.വിജയദാസ്** **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)**

---

| | | | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ വിവിധ സർക്കാർ ആശുപത്രികളിലായി എത്ര ഡോക്ടർമാരുടെ ഒഴിവുകളുണ്ട്; മഴക്കാല രോഗങ്ങളെ ചെറുക്കുന്നതിനായി പ്രസ്തുത ഒഴിവുകളിൽ ഡോക്ടർമാരെ നിയമിക്കുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | പാലക്കാട് ജില്ലയിൽ വിവിധ സർക്കാർ ആശുപത്രികളിലായി 60 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. അസിസ്റ്റന്റ് സർജൻ, ജൂനിയർ കൺസൾട്ടന്റ് തസ്തികകളുടെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി.യിൽ നിന്നും നിയമന ശുപാർശ ലഭിക്കുന്ന മുറയ്ക്ക് ഒഴിവുകൾ നികത്തുന്നതാണ്. കൂടാതെ ആരോഗ്യ വകുപ്പിലെ പി.ജി. ബിരുദമുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ചും ഒഴിവുകൾ നികത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. സിവിൽ സർജൻ, കൺസൾട്ടന്റ് തസ്തികയിലെ ഒഴിവുകൾ പ്രമോഷൻ മുഖേന നികത്തുന്നതാണ്.<br>അടിയന്തിര ഘട്ടങ്ങളിൽ അഡ്ഹോക്ക് വ്യവസ്ഥയിലും വിരമിച്ച ജീവനക്കാരെയും ഒഴിവുകളിൽ നിയമിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | ജില്ലാ ആശുപത്രികളിലും സി.എച്ച്.സി, പി.എച്ച്.സി കളിലും മരുന്നിന്റെ ദൗർലഭ്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമോ; | (ബി) | ഇല്ല. എല്ലാ ജില്ലാ ആശുപത്രികളിലും സി.എച്ച്.സി, പി.എച്ച്.സി.കളിലും ആവശ്യാനുസരണം സമയബന്ധിതമായി മരുന്നുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷത്തെ ടെൻഡർ നടപടികൾ പൂർത്തിയാക്കി മരുന്നു സംഭരണത്തിനായുള്ള ഉത്തരവുകൾ നൽകിക്കഴിഞ്ഞു. കൂടാതെ ഏതെങ്കിലും മരുന്നിനു ദൗർലഭ്യം നേരിട്ടാൽ അവ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന ലഭ്യമാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | 2011 മേയ് മുതൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ മുഖേന എത്ര രൂപയ്ക്ക് മരുന്ന് വാങ്ങിയെന്നും ആയതിന്റെ ജില്ല തിരിച്ചുള്ള കണക്കും ജില്ല തിരിച്ച് മരുന്ന് വിതരണം ചെയ്തതിന്റെ വിശദാംശങ്ങളും വ്യക്തമാക്കുമോ? | (സി) | 2011 മേയ് മുതൽ 2012 ജൂൺ മാസം 6-ാം തീയതിവരെ കോർപ്പറേഷൻ 1,98,02,13,952/- രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ ഓരോ ജില്ലയിലും വിതരണം ചെയ്ത മരുന്നുകളുടെ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

**<u>ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു</u>**

| **ജില്ല** | **തുക** |
|---|---|
| തിരുവനന്തപുരം | 36 91 64 523.95 |
| കൊല്ലം | 12 37 78 698.01 |
| പത്തനംതിട്ട | 8 13 56 791.13 |
| ആലപ്പുഴ | 19 64 24 516.48 |
| കോട്ടയം | 18 89 84 252.97 |
| ഇടുക്കി | 6 75 73 082.84 |
| എറണാകുളം | 12 41 71 828.42 |
| തൃശ്ശൂർ | 18 27 80 888.34 |
| മലപ്പുറം | 15 15 19 924.45 |
| പാലക്കാട് | 8 03 38 376.77 |
| കോഴിക്കോട് | 20 18 82 104.36 |
| വയനാട് | 5 83 04 925.19 |
| കണ്ണൂർ | 10 57 68 990.58 |
| കാസർഗോഡ് | 4 81 65 048.52 |
| ആകെ | 1 98 02 13 952.01 |

സെക്ഷൻ ഓഫീസർ